പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2541 **28-10-2026-ൽ മറുപടിയ്ക്ക്**

ധനസഹായം വിതരണം ചെയ്യുന്നതിലെ കുടിശ്ശിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പഠനമുറി, സേഫ്, ചികിത്സാ സഹായം, ഏക വരുമാനദായകൻ മരണപ്പെട്ടാൽ ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം, വിവാഹ ധനസഹായം, വിദേശ പഠന ധനസഹായം തുടങ്ങിയ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകാൻ കഴിയാത്ത സ്ഥിതി വിശേഷം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി:

പഠനമുറി, സേഫ്	ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. മുൻ വർഷങ്ങളിൽ അനുവദിച്ചതിൽ പൂർത്തിയാക്കാതിരുന്ന ഗുണഭോക്താക്കൾക്ക് ഇപ്പോൾ നിർദ്ദിഷ്ട ഘട്ടം പണികൾ പൂർത്തിയാക്കുന്ന മുറക്ക് തുക നൽകി വരുന്നു
ചികിത്സാ സഹായം, എകവരുമാനദായകൻ മരണപ്പെട്ടാൽ ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം, വിവാഹ ധനസഹായം	ധനസഹായം അനുവദിക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല.
വിദേശ പഠന ധനസഹായം	ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല.

(ബി) ഓരോ പദ്ധതികളിലും എത്ര വർഷത്തെ/എത്ര മാസത്തെ, എത്ര വീതം രൂപ കുടിശ്ശിക ഉണ്ട് എന്ന് വ്യക്തമാക്കാമോ;

മറുപടി:

പഠനമുറി	2021-22 വർഷം മുതൽ അനുവദിച്ച പഠനമുറികളിൽ വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തികരിക്കാൻ വിവിധ ഘട്ടങ്ങളിൽ അവശേഷിക്കുന്ന 7998 പഠനമുറികളുടെ പൂർത്തീകരണത്തിന്

	തുക അനുവദിക്കുന്നതിനായി ആകെ 55,45,10,000/- രൂപ കടിശ്ശികയുണ്ട്.
സേഫ്	2022-23 വർഷം മുതൽ സേഫ് പദ്ധതി പ്രകാരം ഭവനപുനരുദ്ധാരണത്തിന് തെരഞ്ഞെടുത്തതിൽ വിവിധ കരണങ്ങളാൽ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാൻ വിവിധ ഘട്ടങ്ങളിൽ അവശേഷിക്കുന്ന 3162 വീടുകളുടെ പൂർത്തികരണത്തിന് തുക അനുവദിക്കുന്നതിനായി 20,69,00,000/-രൂപ കടിശ്ശികയുണ്ട്.
ചികിത്സാ ധനസഹായം	2026 ജനുവരി മുതൽ ആകെ 89,52,500/- രൂപ കുടിശ്ശികയുണ്ട്.
ഏകവരുമാനദായകൻ മരണപ്പെട്ടാൽ ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം	2022-23 സാമ്പത്തിക വർഷം മുതൽ ആകെ 8,72,00,000/- രൂപ കുടിശ്ശികയുണ്ട്.
വിവാഹധനസഹായം	2024-2025 സാമ്പത്തിക വർഷം മുതൽ ആകെ 59,32,50,000/- രൂപ കുടിശ്ശികയുണ്ട്.
വിദേശ പഠന ധനസഹായം	കുടിശ്ശികയില്ല.

(സി) കുടിശ്ശിക തുക എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u>

പഠനമുറി സേഫ് ചികിത്സാ സഹായം ഏക വരുമാനദായകൻ മരണപ്പെട്ടാൽ ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം വിവാഹ ധനസഹായം	ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ